# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**2018 ജനുവരി 24- ാം തീയതി സമർപ്പിച്ചത്**
**(Presented on 24th January 2018)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

**പതിനാലാം കേരള നിയമസഭ**
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**2018 ജനുവരി 24-ാം തീയതി സമർപ്പിച്ചത്**
**(Presented on 24th January 2018)**

29/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV

## (വ്യവസാ യവും ധാതുക്കളും)

## (2016 - 2018)

## ഘടന

<u>ചെയർമാൻ :</u>

ശ്രീ. എ.സി. മൊയ്തീൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)-ന്റെ പ്രത്യേക റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (i)(iii) പ്രകാരം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവയെ നവീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചു. അനുപ്രകാരം സമിതി 25-10-2017-ന് യോഗം ചേർന്ന് മേൽ വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങളെ ആധാരമാക്കി വകുപ്പുതല ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ജനുവരി 10-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. സി. മൊയ്തീൻ
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2018 ജനുവരി 10.

# റിപ്പോർട്ട്

നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിനും വികസനത്തിനും കൂടാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം പൊതുമേഖലാസ്ഥാപനങ്ങളും വ്യവസായ വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ പൊതു മേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും നവീകരണത്തിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വികസന സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള തീവ്രമായ ശ്രമങ്ങൾ നടന്നു വരികയാണ്. പ്രസ്തുത സംരംഭത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV തീരുമാനിക്കുകയുണ്ടായി. ആദ്യ ഘട്ടമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പഠനം നടത്തി അവയെ നവീകരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സബ്ജക്ട് കമ്മിറ്റി IV തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപന ങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും നവീകരണത്തിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനുമായി 2017 ഒക്ടോബർ 25-ാം തീയതി യോഗം ചേരുകയും പ്രസ്തുത വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പ് ഉദ്യോഗ സ്ഥരുമായി സമിതി ചർച്ച നടത്തുകയും ചെയ്തു.

വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)

ഒരു കാലത്ത് അഭിമാനകരമായ രീതിയിൽ പ്രവർത്തിച്ചുവന്ന സ്ഥാപനമാണ് കെൽട്രോൺ. മലയാളികൾക്ക് ടെലിവിഷൻ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പരിചയപ്പെടുത്തിയ പാരമ്പര്യമാണ് കെൽട്രോണിന് ഉള്ളത്. കെൽട്രോണിന്റെ പ്രതാപകാലം വീണ്ടെടുക്കാനുള്ള തീവ്രമായ ശ്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

ഇലക്ട്രോണിക്സ് വ്യവസായമേഖലയിലെ പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പത്ത് പദ്ധതികൾ ഓരോന്നും സമിതി വിശദമായി വിലയിരുത്തി.

പാരമ്പര്യേതര ഊർജ്ജമേഖലകളിലെ ബിസ്സിനസ്സ് അവസരങ്ങൾ വർദ്ധിച്ച് വരുന്നതിനാൽ സോളാർ മേഖലയിലെ ബിസ്സിനസ് സാധ്യതകൾ മുൻനിർത്തി സോളാർ പാനൽ നിർമ്മിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ സമിതി ആരായുകയുണ്ടായി. ഇറക്കുമതി ചെയ്യുന്ന സോളാർ പാനലുകൾക്ക് വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, സർക്കാർ സ്ഥാപനങ്ങളിൽ കെൽട്രോൺ നിർമ്മിക്കുന്ന പാനലുകൾക്ക് മുൻഗണന ലഭിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പദ്ധതിക്കായി 350 കോടി രൂപയുടെ നിക്ഷേപം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. തുടർന്ന് സോളാർ സെൽ നിർമ്മാണത്തിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നതായും ഇതിനായുള്ള മാർക്കറ്റ് സ്റ്റഡി നടത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സ്മാർട്ട് മീറ്റർ നിർമ്മാണ രംഗത്തെ വിപണി സാദ്ധ്യതകൾ മനസ്സിലാക്കി കെൽട്രോൺ അരൂർ യൂണിറ്റിൽ സ്മാർട്ട് മീറ്റർ നിർമ്മിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ സമിതി വിലയിരുത്തി.

രാജ്യത്തെ എല്ലാ വാണിജ്യ വാഹനങ്ങളിലും പബ്ലിക് ട്രാൻസ്പോർട്ടുകളിലും ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്.) ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ കെൽട്രോണിന്റെ നിർമ്മാണമേഖല വിപുലപ്പെടുത്താൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇന്ത്യൻ നാവിക സേനയുടെ അംഗീകൃത വിതരണക്കാരായ കെൽട്രോൺ, പ്രതിരോധമേഖലയിൽ നിലവിൽ ഒട്ടേറെ ഉല്പന്നങ്ങൾ നിർമ്മിച്ചു നൽകുന്നതായും അനുബന്ധ സേവനങ്ങൾ നൽകിവരുന്നതായും സമിതി മനസ്സിലാക്കി.

രാജ്യത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ എന്ന ആശയം യാഥാർത്ഥ്യമാകാൻ പോകുന്ന അവസരത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ബിസിനസ്സ് സാധ്യതകൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തി കെൽട്രോണിന് പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കെൽട്രോണിന്റെ അരൂർ, കരകുളം യൂണിറ്റുകളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഫാബ്രിക്കേഷൻ ഷോപ്പുകൾ നവീകരിച്ച് ആധുനികവത്കരിക്കാൻ വേണ്ട നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇലക്ട്രോണിക്സ് ടെക്നോളജിയുടെ എല്ലാ സാദ്ധ്യതകളും ഉപയോഗിക്കാവുന്ന കെൽട്രോൺപോലൊരു സ്ഥാപനത്തിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്ററിന്റെ ആവശ്യകത വളരെ വലുതാണെന്ന് വിലയിരുത്തിയ സമിതി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി.

ഹൈബ്രിഡ് പവർകണ്ടീഷനിംഗ് യൂണിറ്റിന്റെ നിർമ്മാണം, ലിഥിയം ബാറ്ററി നിർമ്മാണം, കാറ്റിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം തുടങ്ങിയ മേഖലകളിൽ കെൽട്രോൺ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമിതി ചർച്ചചെയ്തു.

കെൽട്രോണിലെ എൻജിനീയർമാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും തസ്തികകൾ നികത്തി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാകാത്തതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ ഉല്പാദന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കമ്പനിയെ നവീകരിക്കുന്നതിനുമായി സമിതി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിക്കുന്നു:

## ശിപാർശകൾ/നിർദ്ദേശങ്ങൾ

1. സോളാർ പാനലുകളുടെ നിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെൽട്രോണിന്റെ അരൂർ യൂണിറ്റിൽ, ഉൽപ്പാദന സൗകര്യങ്ങൾ മെച്ചപ്പെടുത്തി യൂണിറ്റ് വിപുലീകരിക്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്നും കെൽട്രോണിന്റെ സോളാർ പാനൽ നിർമ്മാണ പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2. സ്മാർട്ട് മീറ്റർ നിർമ്മാണത്തിനായി അരൂർ യൂണിറ്റിലെ പ്ലാന്റ് നവീകരണത്തിനും യന്ത്രസാമഗ്രികളുടെ ആധുനികവൽക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സ്മാർട്ട് മീറ്ററിന്റെ വിപണനം സംബന്ധിച്ച വിശദമായ മാർക്കറ്റ് സർവ്വേ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3. കെൽട്രോണിന്റെ ഓരോ യൂണിറ്റും പ്രത്യേകം ഉല്പന്നങ്ങൾക്കുവേണ്ടി സ്ഥാപിച്ചതാണെന്നും പല ഉല്പന്നങ്ങൾക്കും ഇപ്പോൾ വിപണി ഇല്ലാത്തതിനാൽ ഉല്പാദനം വൈവിധ്യവല്ക്കരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കെൽട്രോണിന്റെ മുടാടി, കരകുളം തുടങ്ങിയ യൂണിറ്റുകൾ വിപുലീകരിച്ച് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഉപകരണങ്ങൾ ഉല്പാദിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി യൂണിറ്റ് വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. നിലവിൽ കെൽട്രോൺ ഉപഭോക്താക്കൾക്ക് വില്പനാനന്തര സേവനം ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഉപഭോക്തൃ സൗഹൃദ സമീപനം സ്വീകരിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കസ്റ്റമർ- കെയർ വിഭാഗം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സാങ്കേതിക വിദഗ്ധരുടെ സേവനം ആവശ്യമുള്ള മേഖലകളിൽ കെൽട്രോണിനെ സഹായിക്കുന്നതിന് വിദഗ്ധരെ നിയമിക്കുന്നതുൾപ്പെടെയുള്ള എല്ലാവിധ സഹായവും സർക്കാർ കെൽട്രോണിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കെൽട്രോണിലെ എഞ്ചിനീയർമാരുടെയും സാങ്കേതിക വിദഗ്ധരുടെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. സ്വന്തമായി വികസിപ്പിക്കുന്ന സാങ്കേതിക വിദ്യ കാലാനുസൃതമായി നവീകരിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യയുടെ ഗവേഷണത്തിനുമായി കെൽട്രോൺ കരകുളം യൂണിറ്റിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റിസർച്ച് & ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണത്തിനുള്ള നടപടി അടിയന്തരമായി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ലിഥിയം ബാറ്ററി നിർമ്മാണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ)

തുടർന്ന് സമിതി കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെംഡൽ) പ്രവർത്തനാവലോകന റിപ്പോർട്ട് പരിഗണിച്ചു.

1992-ൽ ആണ് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായത്. കേരളത്തിലെ ഡാമുകളിൽ നിന്ന് മണൽ ഖനനം നടത്തുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ടെന്നും കെംഡൽ നല്ല രീതിയിൽ പ്രവർത്തിച്ചാൽ സംസ്ഥാന സർക്കാരിന് സാമ്പത്തികമായി മികച്ച നേട്ടമുണ്ടാക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതാണ് കെംഡലിന്റെ പോരായ്മയെന്നും കേരളത്തിലെ മണൽ മാഫിയയെ നിയന്ത്രിക്കാൻ കഴിയുന്ന ഏക സർക്കാർ ഏജൻസി കെംഡൽ ആണെന്നും വിലയിരുത്തിയ സമിതി കെംഡലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിക്കുന്നു:

1. മാനേജിംഗ് ഡയറക്ടറുടെ തസ്തികയ്ക്ക് പുറമെ നിലവിൽ കോർപ്പറേഷനിൽ മറ്റ് തസ്തികകൾ ഒന്നും ഇല്ലാത്തതിനാൽ കെംഡലിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
2. കെംഡലിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ആവശ്യമായ ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
3. കെംഡലിനെ ശക്തിപ്പെടുത്തുന്നതിനായി സാങ്കേതിക വിദഗ്ധരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. സി. മൊയ്തീൻ
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2018 ജനുവരി 10.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.